


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE: 8234

വാല്യം 6 | 1989 മെയ് 6 | ലക്കം 15


# പാലിയേക്കര സെൻറ് ജോർജ് പള്ളി പെരുന്നാൾ: വമ്പിച്ച പരിപാടികൾ

**ചെറിയാൻ കാഞ്ഞിരക്കാട്ട്**



തിരുവല്ലാ പാലിയേക്കരപള്ളി

ഫോട്ടോ–അഞ്ജലി സ്റ്റുഡിയോ തിരുവല്ല

തിരുവല്ല: പാലിയേക്കര സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 4, 5, 6, 7, 8 തീയതികളിൽ ഭക്തി നിർഭരം ആഘോഷിക്കുന്നു.

ഏപ്രിൽ 30 ഞായറാഴ്ച വികാരി ഫാ. കെ. വി. ജോൺ കൊടിയേറിയതോടെ പെരുന്നാൾ ചടങ്ങുകൾക്ക് സമാരംഭം കുറിച്ചു. 4, 5, 6, 7 തീയതികളിൽ രാവിലെ വി. കുർബ്ബാനയും, സന്ധ്യാനമസ്കാരവും, തുടർന്ന് യഥാക്രമം കാട്ടുക്കര ചാലക്കുഴി പടി, കുന്നേൽപാലം, തുകലശ്ശേരി സെൻറ് ഗ്രീഗോറിയോസ് സൺഡേസ്കൂൾ, തിരുവല്ലാ സെൻറ് തോമസ് സെഹിയോൻ ചാപ്പൽ എന്നിവിടങ്ങളിൽനിന്നും ഓരോ ദിവസത്തെ റാസയും പുറപ്പെടുന്നതാണ്.

8 തിങ്കളാഴ്ച രാവിലെ 8 മണിക്ക് പ്രഭാതനമസ്ക്കാരവും തുടർന്ന് ഫാ. കെ. ജെ. കുര്യാക്കോസ് മുളംതുരുത്തിയിൽ പ്രധാന കാർമ്മികത്വത്തിൽ വി. അഞ്ചിൻമേൽ കുർബ്ബാനയുമുണ്ടായിരിക്കുന്നതാണ്. വി. കുർബ്ബാനയ്ക്കുശേഷം നേർച്ചവിളമ്പ് നടക്കും. 3 മണിക്ക് റാസ ആരംഭിക്കും. പള്ളിയിൽനിന്നു് ആരംഭിച്ച് പുത്തൻ റോഡു വഴി തട്ടാപ്പറമ്പിൽ പടിക്കൽപോയി തിരിച്ച് തെക്കേപുത്തൻപള്ളി കടപ്രം പള്ളി, അഞ്ചൽ കുററികവല വഴി പള്ളിയിൽ തിരിച്ചെത്തുന്നതാണ്. പിന്നീട് ആശീർവാദവും അതേ തുടർന്ന് കൊടിയിറക്കുന്നതുമാണ്.

പെരുന്നാളിനോടനുബന്ധിച്ച് ഗാനമേള, നാടകം തുടങ്ങിയ കലാപരിപാടികളും കരിമരുന്നുപ്രയോഗവും ഉണ്ടായിരിക്കും.

രാത്രി 8 മണിക്ക് ആലപ്പി തീയറേറഴ്സിൻെറ സമ്പൂർണ്ണ ബൈബിൾ എന്ന നാടകവും ഉണ്ടായിരിക്കും.

## ഫാ. കെ. വി. ജോൺ

പാലിയേക്കര സെൻറ് ജോർജ് ഓർത്തഡോക്സ് മഹാ ഇടവകയുടെ വികാരി ഫാ. കെ. വി. ജോൺ 1938-ൽ ജനിച്ചു.

തിരുവല്ല മർത്തോമ്മാ കോളേജിൽനിന്നു് ആർട്ട്സിൽ ബിരുദം കരസ്ഥമാക്കിയ ഇദ്ദേഹം കോളേജ് യൂണിയൻ സ്പീക്കർ ആയും തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

തുടർന്നു് കോട്ടയം എം. ഡി. സെമിനാരി, പഴയ സെമിനാരി എന്നിവിടങ്ങളിൽനിന്നു് ദൈവശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി. 1962-ൽ ഇപ്പോഴത്തെ പരിശുദ്ധ ബാവായിൽനിന്നു് ശെമ്മാശപട്ടവും 1964-ൽ തുമ്പമൺ ഇടവകയുടെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നു് വൈദികപട്ടവും സ്വീകരിച്ചു. 1962-ൽ നിരണം ഇടവകയുടെ തോമ്മാ മാർ ദിവന്നാസ്യോസ് തിരുമനസിലെ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു.

നിരണം ഭദ്രാസന കൗൺ

(ശേഷം 6–ാം പേജിൽ)


FOR GOLD LOAN & DEPOSITS

MALAYIL

**MALAYIL BANKERS**

**PRABHU'S BUILDINGS, MARKET ROAD,**

**TIRUVALLA**

**Phone: 2802**

**H. O. MEDICAL COLLEGE JN.**

TRIVANDRUM-11

**Phone: 79367**




പി. എം മാത്യു
കൈക്കാരൻ



എം.വി. പൗലോസ്
ഇടവക സെക്രട്ടറി



കെ. ഐ. ചെറിയാൻ
പെരുന്നാൾ കൺവീനർ



സി.ററി. മാത്യു
പെരുന്നാൾ കമ്മററി
കൺവീനർ

## മുറികൾ വാടകയ്ക്കു്

തിരുവല്ല പാലിയേക്കര പള്ളിയോടനുബന്ധിച്ച് പണിയുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ താമസത്തിനും, ഗോഡൗണിനും ബിസ്സിനസിനും പററിയ മുറികൾ വാടകയ്ക്കു ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ വികാരിയെ സമീപിക്കുക.

## പാലിയേക്കര...

(5-ാം പേജിൽനിന്നും തുടർച്ച)


വിവാഹം കഴിഞ്ഞു് 15 വഷമായിട്ടും ഒരു കുഞ്ഞിക്കാലു് കാണാൻ ഭാഗ്യമില്ലാതിരുന്ന ഒരു അക്രൈസ്തവൻ 12 ശനിയാഴ്ച അട്ടപ്പിച്ച് ഇവിടെ വന്നു് പ്രാർത്ഥിച്ചതിൻെറ ഫലമായി അയാൾക്ക് ഒരു കുഞ്ഞു പിറന്നു.

ഒരിക്കൽ ഒരു അവശക്രൈസ്തവൻെറ മകൻ വീട്ടിൽനിന്നു് പുറപ്പെട്ടുപോയി. മകൻ നഷ്ടപ്പെട്ടതിൽ ദുഃഖിതനായ അയാൾ കരഞ്ഞുകൊണ്ടു് പള്ളിയിൽ എത്തി ഒരു നേർച്ച നേർന്നു.

'എൻെറ കുഞ്ഞു് തിരിച്ചുവന്നാൽ അവനെപ്പോലെ ഓമനിച്ചുവളർത്തുന്ന ആടിനെ ഇവിടെ തരാം.'

അത്ഭുതമെന്നു പറയട്ടെ, അധികം താമസിയാതെ അയാളുടെ മകൻ തിരിച്ചുവന്നു. അയാൾ നേർന്നിരുന്ന ആടിനെ പള്ളിക്കു നൽകി.

തിരുവല്ലായിലും പരിസര പ്രദേശങ്ങളിലുമുള്ള ജനങ്ങൾ മാത്രമല്ല, ഈ കേരളത്തിലും മറുനാട്ടിലുമുള്ള ആളുകൾപോലും പാലിയേക്കരപ്പള്ളിയിലെ ദിവ്യത്വം അറിഞ്ഞെത്തുന്നു; അനുഗ്രഹം പ്രാപിക്കുന്നു.



പള്ളിമൂപ്പൻ
അനിയപ്പൻ



വി. പി. മത്തായി
ശുശ്രൂഷകൻ

## ധ്യാനയോഗം

തിരുവല്ല: പാലിയേക്കര സെൻറു് ജോർജ് ഓത്തഡോക്സ് പള്ളിയിൽ എല്ലാ വെള്ളിയാഴ്ചയും രാവിലെ 9 മുതൽ ധ്യാനയോഗം നടത്തിവരുന്നു. ഫാ. ജിജി പി. ഏബ്രഹാം., ഫാ. എം. എസ്. ഉമ്മൻ, ഫാ. കുര്യൻ ഡാനിയേൽ, ഫാ. മാത്യു വൈദ്യൻ, ഫാ. കോശി ഏബ്രഹാം, കെ. എം. മാത്യു, ചിന്നമ്മ ചാക്കോ, വികാരി ഫാ. കെ. വി. ജോൺ എന്നിവർ നേതൃത്വം നല്കുന്നു.

## ബാവാ തിരുമനസിലെ പ്രോഗ്രാം

മെയ്-6 ശനി മൈലപ്രാ സെൻറ് ജോർജ് പള്ളി പെരുന്നാൾ, 8 തിങ്കൾ ചന്ദനപ്പള്ളി പള്ളി പെരുന്നാൾ, 11.30 റാന്നി വെള്ളക്കല്ലുങ്കൽ പള്ളി ജൂബിലി, 10 ബുധൻ 2. 30 ചെങ്ങരൂർ പള്ളി ഓഡിറേറാറിയം കൂദാശ, 13 ശനി 2 മണി എഡ്യൂക്കേഷൻ സൊസൈററി ജനറൽ ബോഡി. ദേവലോകം, 15 തിങ്കൾ 10. 30 കററാണംപള്ളിയിൽ വിവാഹം ആശിർവദിക്കുന്നു. 2. 30 നിലയ്ക്കൽ പള്ളിയിൽ വിവാഹം ആശിർവദിക്കുന്നു., 16 ചൊവ്വാ 10. 30 വക്കിംഗ് കമ്മററി, 18 വ്യാഴം കുന്നംകുളം അടപ്പൂട്ടി കോൺവൻറ് ചാപ്പൽ കൂദാശ, 19 വെള്ളി 10 മണി സോഫിയാ സെൻറർ-വൈദിക റിഫ്രഷർ കോഴ്സ് ഉദ്ഘാടനം, 21 ഞായർ അയ്യമ്പള്ളി ചാപ്പൽ വി. കർബാന, 25 വ്യാഴം 11 മണി വൈദിക സംഘം മീററിംഗ്-പരുമല

1-ാംപേജിൽനിന്നും തുടർച്ച

സിൽ അംഗമായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ഇപ്പോൾ സഭാമാനേജിംഗ് കമ്മററിയംഗമായി സഭയുടെ ഭരണകാര്യങ്ങൾക്ക് നേതൃത്വം നൽകുന്നു.

അമേരിക്ക, ഗൾഫ് തുടങ്ങി ഒട്ടേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള ഫാ. ജോൺ ഇടവകയുടെ പുരോഗതിക്കു വേണ്ടി ആത്മീയലൗകീക തലങ്ങളിൽ അഹോരാത്രം പ്രവത്തിക്കുന്നു.


വി. ഗീവർഗ്ഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ




**മൂത്തേടം കൺസ്ട്രക്ഷൻസ്**
തിരുവല്ല

വി. ഗീവർഗ്ഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ




**M/s M. C. Chacko Jewellers**
M. C. Road
THIRUVALLA

M/s. Mathew & Sons
Tyre Dealer
Market Road
THIRUVALLA

**M/s. UNITED AGENCIES**
Kachery Jn.
THIRUVALLA

Tarun Video Centre

Godrej ®

**M. P. RAGHAVAN PILLAI & SONS**
**WHOLESALE DEALERS**
**THIRUVALLA**

Compliments From:

JOHN THOMAS
PATHINANCHIL CONSTRUCTIONS
MEPRAL
**THIRUVALLA**

**K. V. KURIAN**
Leeba Coffee Centre
Bakery & Cool Bar
Market Jn.
THIRUVALLA

Kunjumon
**HEAVEN FOOD**
Bakey & Cool Bar
Market Jn.
Thiruvalla

**MADONNA AUTOMOBILES & Motor Rewinding Parts**
Cross Jn.
Thiruvalla


Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M O C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon Chief) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038